(ബി) എത്ര പേർക്കാണ് അവിടെ പ്രവേശനം നൽകുക ;

(സി) അവിടെ പ്രവേശനത്തിനുള്ള മിനിമം ക്വാളിഫിക്കേഷൻ എന്തൊക്കെയാണ് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുണ്ടായിരുന്ന നേഴ്സിംഗ് സ്കൂൾ ഒരു നേഴ്സിംഗ് കോളേജായി ഉയർത്തിയിട്ടുണ്ട്.

(ബി) പതിനഞ്ചുപേർക്ക്.

(സി) (i) പ്രീ യൂണിവേഴ്സിറ്റിയോ, ഇൻറർ മീഡിയറോ തത്തുല്യമായ മറ്റു പരീക്ഷകളോ കേരള സർവ്വകലാശാലയുടെ പ്രീ ഡിഗ്രി നേഴ്സിംഗ് പരീക്ഷയോ പാസ്സായിരിക്കണം.

പ്രീ ഡിഗ്രി പരീക്ഷയ്ക്കു പാർട്ടുകളും മാത്രം തോറ്റിട്ടുള്ളവർക്കും പ്രവേശനം നൽകുന്നതാണ്. എന്നാൽ പ്രീ ഡിഗ്രി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കുമാത്രമേ ഡിഗ്രി പരീക്ഷയ്ക്കു ചേരാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ii) നേഴ്സിംഗിനു രജിസ്ട്രേഷനുണ്ടായിരിക്കുക.

(iii) കുറഞ്ഞതു മുന്നു വർഷത്തെ നേഴ്സിംഗ് സർവ്വീസുണ്ടായിരിക്കുക.

ശ്രീമതി കുസുമം : നമ്മുടെ സംസ്ഥാനത്തിൽ കൂടുതൽ അഭ്യസ്തവിദ്യരുള്ള സ്ഥിതിക്കു കൂടുതൽ പ്രവേശനം നൽകി കോളേജിനെ വിപുലീകരിക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വർഷം മുതല്ലാണ് ഇതു ആരംഭിച്ചിട്ടുള്ളതു. അതിന്റെ പ്രവർത്തനത്തിന്റെ പുരോഗതിക്കനുസരിച്ചു സീറ്റു വർദ്ധിപ്പിച്ചുകൊടുക്കാമെന്നല്ലാതെ തുടങ്ങുമ്പോഴെ അതിനെപ്പറ്റി ആലോചിക്കുന്നതു ശരിയല്ല.

Mr. Speaker : Question No. 13 need not be answered as an identical question has already been answered.

നാഗാലാൻഡിലേക്കു് അയയ്ക്കുവാൻ തിരഞ്ഞെടുത്ത കമ്പൗണ്ടർമാർ.

* 123. [14] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോറ് എംപ്ലോയ്മെൻറ് കോ-ഓർഡിനേഷൻ ആഫീസിൽ നിന്നു നാഗാലാൻഡിലേക്കു കമ്പൗണ്ടർമാരെ ആവശ്യപ്പെട്ടുകൊണ്ടു് ഒരു അറിയിപ്പു നടത്തുകയുണ്ടായോ ;

(ബി) അപ്രകാരം എത്ര അപേക്ഷകർ ഉണ്ടായിരുന്നു ; എത്രപേരെ തിരഞ്ഞെടുത്തു ;

(സി) നേഴ്സുമാരെ ആവശ്യമുണ്ടെന്നു് അറിയിച്ചിരുന്നുവോ ;

(ഡി) അവിടത്തെ സേവനവ്യവസ്ഥകളും മുൻകൂട്ടി അറിയിച്ചിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) നാഗാലാൻഡിൽ കമ്പൗണ്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്നുള്ള ഒരു പത്രക്കുറിപ്പു് സ്റ്റോറ് എംപ്ലോയ്മെൻറ് കോ-ഓർഡിനേഷൻ ആഫീസർ പുറപ്പെടുവിക്കുകയുണ്ടായി,

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12 അപേക്ഷകർ ഉണ്ടായിരുന്നു. ഇവരുടെ ലിസ്റ്റ് അയച്ചു കൊടുത്തിട്ടുണ്ട്. നാഗാലാൻഡ് ഗവണ്മെൻറാണ് തിരഞ്ഞെടുക്കേണ്ടത്. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം ലഭിച്ചിട്ടില്ല.

(സി) കോ-ഓർഡിനേഷൻ ആഫീസർ അറിയിച്ചിട്ടില്ല. പക്ഷേ, ഇൻഡ്യാ ഗവണ്മെൻറ് സംസ്ഥാന ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് സർവ്വീസിലുള്ള അപേക്ഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി: നാഗാലാൻഡിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നവരുടെ സർവ്വീസ് കണ്ടിഷൻസിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറും നാഗാലാൻഡ് ഗവണ്മെൻറുമായി ഏതെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെ നടത്തേണ്ട ആവശ്യം വല്ലതുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ കത്തിടപാടുകൾ നടത്തേണ്ട ആവശ്യമൊന്നുംതന്നെയില്ല. സേവനവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അതു മോഡിഫൈ ചെയ്യുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല. അതിന്റെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

ടൂറിസം വികസിപ്പിക്കുവാനുള്ള പദ്ധതികൾ.

* 124. [15] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശനാണ്യം സമ്പാദിക്കുന്നതിനുള്ള ഒരു വ്യവസായമെന്ന നിലയിൽ ടൂറിസം വികസിപ്പിക്കുവാൻ ഗവണ്മെൻറിനു പ്രത്യേക പദ്ധതികൾ വല്ലതുമുണ്ടോ ;

(ബി) ടൂറിസ്റ്റ് വികസനകാർപ്പൊറേഷന്റെ രൂപീകരണത്തിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഇതുവരേയും നടപടികൾ എടുക്കാത്തതു് എന്തുകൊണ്ടാണ് ;

(സി) ഈ കാർപ്പൊറേഷൻ ഈ വർഷത്തിലെങ്കിലും രൂപീകരിക്കുവാൻ വേണ്ട സത്വരനടപടികൾ കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വിദേശനാണ്യം സമ്പാദിക്കുവാൻ സാദ്ധ്യതകളുള്ള ഒരു വ്യവസായമായിട്ടുകൂടിയാണ് ടൂറിസ്റ്റ് വികസനപരിപാടികൾ ഉദ്ദേശിച്ചിട്ടുള്ളതു്.

(ബി, സി) അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഈ കാര്യം നീട്ടിവെച്ചിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അതു് ഗവണ്മെൻറ് പുനഃപരിശോധനയ്ക്കെടുത്തിട്ടുണ്ട്.

Mr. Speaker ; Question No. 30 may also be answered now along with this question.

ടൂറിസ്റ്റ് വികസന കാർപ്പൊറേഷൻ.

* 125. [30] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ടൂറിസം വികസിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമായി ഒരു ടൂറിസ്റ്റ് വികസന കാർപ്പൊറേഷൻ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly